## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4908

01.07.2013- ൽ മറുപടിക്ക്

**വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുമോ ; | (ബി) പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ സോഫ്ട് കോപ്പി അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>(ഡി) അവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) & (ഡി) പദ്ധതിക്കായി പൂർത്തിയാക്കിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട്, 2006 ലെ EIA നോട്ടിഫിക്കേഷൻ പ്രകാരമുള്ള 'പബ്ലിക് ഹിയറിംഗ് നടത്തുന്നതിലേയ്ക്കായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിക്കുകയുണ്ടായി. ബോർഡ് ഇത് മെയ് 29-ാം തീയതി പ്രസിദ്ധീകരിക്കുകയും, പദ്ധതിക്കായുള്ള 'പബ്ലിക് ഹിയറിങ്ങ് ' 2013 ജൂൺ 29-ാം തീയതി ജില്ലാ മജിസ്ട്രേറ്റിന്റെ (ജില്ലാ കലക്ടർ) നേതൃത്വത്തിൽ നടത്തുകയും ചെയ്തു. പബ്ലിക് ഹിയറിങ്ങിനു ശേഷം അതിന്റെ സാരാംശം കൂടി ഉൾപ്പെടുത്തി 2013 ജൂലൈ മാസത്തോടുകൂടി തന്നെ അന്തിമ സാമൂഹിക പാരിസ്ഥിതിക പഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതിയ്ക്കായുള്ള അപേക്ഷയോടൊപ്പം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ